## ഗവൺമെന്റ് പ്രമേയം (ചട്ടം 118)

### ബി.പി.സി.എൽ. സ്വകാര്യവത്കരണം

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ,

"രാജ്യത്തെ തന്ത്രപ്രധാന മേഖലകളിലെല്ലാം യാതൊരു തത്വദീക്ഷയുമില്ലാതെ സ്വകാര്യവൽക്കരണ നയങ്ങൾ കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുകയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുകൂടി കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരണം വ്യാപിപ്പിക്കുകയാണ്.

രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും (ബി.പി.സി.എൽ.) സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിലുണ്ട്.

കഴിഞ്ഞ അരനൂറ്റാണ്ട് കാലമായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന ബി.പി.സി.എൽ.-ൽ 53.29 ശതമാനം ഓഹരികൾ കേന്ദ്ര സർക്കാരിന്റേതാണ്. അത് പൂർണ്ണമായും വിറ്റഴിക്കുന്നത് സ്വകാര്യ കുത്തക കമ്പനികൾക്ക് വൻ നേട്ടമുണ്ടാക്കാൻ അവസരമൊരുക്കും. ഇതോടെ പ്രതിവർഷം ഭീമമായ തുക

നികുതി ഇനത്തിൽ സർക്കാരിന് നൽകുന്ന സ്ഥാപനം ഫലത്തിൽ ഇല്ലാതാകും.

മുപ്പതിനായിരത്തോളം സ്ഥിരം/കരാർ ജീവനക്കാരുടെ തൊഴിൽ സ്ഥിരതയെ ഈ നീക്കം ദോഷകരമായി ബാധിക്കും. സ്വകാര്യവൽക്കരണം കാരണം കോടിക്കണക്കിന് വരുന്ന പാചകവാതക ഉപയോക്താക്കൾക്ക് നിലവിൽ ലഭിച്ചുവരുന്ന സബ്സിഡി നഷ്ടമാകുകയും ചെയ്യും. രാജ്യത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിൽ മർമ്മപ്രധാനമായ പങ്ക് വഹിക്കുന്ന പൊതുമേഖലാ എണ്ണക്കമ്പനിയുടെ സ്വകാര്യവൽക്കരണം രാജ്യസുരക്ഷയെത്തന്നെ ബാധിക്കുന്നതാണ്.

ബി.പി.സി.എൽ.-ന്റെ ഭാഗമായ കൊച്ചി റിഫൈനറി സ്ഥാപിച്ചത് കേരള സർക്കാർ കൂടി മുൻകൈ എടുത്താണ്. റിഫൈനറി ബി.പി.സി.എൽ. ഏറ്റെടുത്തപ്പോൾ സംസ്ഥാനത്തിന്റെ ഓഹരി നിലനിർത്തുകയും ബോർഡിൽ ഒരു ഡയറക്ടറെ ഉൾപ്പെടുത്തുകയും ചെയ്തു. സ്ഥാപനത്തിന്റെ വളർച്ചയിൽ സംസ്ഥാന സർക്കാർ സാമ്പത്തികവും സാമ്പത്തികേതരവുമായ പിന്തുണ നൽകിയിട്ടുണ്ട്. ഈ നിലയിൽ 1500 കോടി രൂപയാണ് കേരളം ഈ പൊതുമേഖലാ കമ്പനിക്ക് വായ്പയായി നൽകാൻ നിശ്ചയിച്ചത്.

25,000 കോടി രൂപ മുതൽമുടക്കിൽ കൊച്ചിയിൽ വൻകിട

പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരികയാണ്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽനിന്നാണ് ലഭ്യമാകേണ്ടത്. സ്വകാര്യവൽക്കരണനീക്കം പദ്ധതിയെ അനിശ്ചിതത്വത്തിലാക്കും.

ഈ സാഹചര്യത്തിൽ ദേശീയ താത്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താത്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തേണ്ടതുണ്ട്. എണ്ണ സംസ്കരണ-വിൽപ്പന പോലുള്ള തന്ത്രപ്രധാനമായ മേഖലയിൽ സ്വകാര്യ കുത്തകകൾക്ക് അധീശത്വം സ്ഥാപിക്കാൻ വഴിയൊരുക്കുന്ന ഓഹരി വിറ്റഴിക്കൽ നടപടിയിൽനിന്നും കേന്ദ്ര സർക്കാർ അടിയന്തരമായി പിൻമാറണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പ്രമേയത്തെ പൂർണ്ണമായി പിന്താങ്ങുകയാണ്. കേരളത്തിലെ ഏറ്റവും നല്ല പൊതുമേഖലാ

സ്ഥാപനങ്ങളിലൊന്നാണിത്. കേരളത്തിലെ മാത്രമല്ല, ഇന്ത്യയിൽ ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് ബി.പി.സി.എൽ. ലാഭകരമായി പ്രവർത്തിക്കുന്ന നവരത്ന കമ്പനികളെ മുഴുവൻ ഡിസ്ഇൻവെസ്റ്റ്മെന്റിലേയ്ക്ക് കൊണ്ടുവരുന്നത് ഒരിക്കലും ഗുണകരമായ കാര്യമല്ല. മാത്രമല്ല, കേരളാ ഗവൺമെന്റിന് വലിയ സ്റ്റേക്കുള്ള സ്ഥാപനവുമാണിത്. നമ്മളാണ് ലാൻഡ് കൊടുത്തിട്ടുള്ളത്. നമുക്ക് അതിൽ ചെറിയ ഷെയറുണ്ട്. ആരോടും ആലോചിക്കാതെ പ്രധാനമന്ത്രിയുടെ വിദേശപര്യടനത്തിനിടയിലാണ് ഇത് ഒപ്പുവച്ചതെന്ന് പറയപ്പെടുന്നു. അതോടൊപ്പംതന്നെ സൗദി അറേബ്യയിൽ പ്രധാനമന്ത്രി സന്ദർശിച്ച സമയത്ത് R.M.Co. കമ്പനിയുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയത് ഇതിന്റെ ഭാഗമായാണെന്ന് പറയപ്പെടുന്നു. നമുക്ക് അതിന്റെ വിശദാംശങ്ങൾ അറിയില്ല. ഈ സഭയിലെ അംഗമായ ശ്രീ. വി. പി. സജീന്ദ്രനും അവിടത്തെ എം.പി.-യായ ശ്രീ. ബെന്നി ബെഹനാനും ഇതിന്റെ പേരിൽ അവിടെ 24 മണിക്കൂർ സത്യാഗ്രഹം അനുഷ്ഠിക്കുകയുണ്ടായി. ഇന്നലെ പാർലമെന്റിലും ശ്രീ. ഹൈബി ഈഡനും ശ്രീ. ബെന്നി ബെഹനാനും ഈ വിഷയം ഉന്നയിക്കുകയുണ്ടായി. ഇത് വളരെ ഗൗരവപൂർവ്വം കേരളം ഏറ്റെടുക്കേണ്ട വിഷയമാണ്. കേരളത്തിലെ

ഏറ്റവും പ്രധാനപ്പെട്ട ഈ പൊതുമേഖലാ സ്ഥാപനം വിറ്റുതുലയ്ക്കാനുള്ള നീക്കത്തിനെതിരെ ഒറ്റക്കെട്ടായി മുന്നോട്ട് പോകണം. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ പൂർണ്ണമായി പിന്താങ്ങുകയാണ്. ഈ കാര്യത്തിൽ ഒറ്റക്കെട്ടായി, ഡൽഹിയിൽ എം.പി.-മാരുമായി ബന്ധപ്പെട്ട് എല്ലാവരെയും അണിനിരത്തിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിന് മുന്നിൽ നിവേദനം കൊടുക്കുന്നതോടൊപ്പംതന്നെ ശക്തമായി കേരളത്തിന്റെ സമ്മർദ്ദവുമുണ്ടാകണം. അതിന് പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടായിരിക്കുമെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.